## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1267   03.12.2018 ൽ മറുപടിക്ക്**

**സിനിമാ ഷൂട്ടിംഗുകൾക്ക് അനുവദിക്കുന്ന റോഡുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി. മമ്മൂട്ടി** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ പ്രത്യേകിച്ച് തലസ്ഥാന നഗരിയുടെ ഏതൊക്കെ ഗതാഗതയോഗ്യമായ റോഡുകൾ വിവിധ സിനിമ/സീരിയൽ/പരസ്യ ഷൂട്ടിംഗുകൾക്ക് അനുവദിച്ച് നൽകാറുണ്ട്; അറിയിക്കാമോ; | എ) സംസ്ഥാനത്തെ തലസ്ഥാന നഗരിയിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ അധീനതയിലുള്ള 42 കി മീ റോഡുകളിൽ കാൽനടയാത്രക്കാർക്കോ വാഹനങ്ങൾക്കോ തടസ്സമില്ലാത്ത രീതിയിലും , ജില്ലാ പോലീസ് മേധാവിയുടെ സുരക്ഷാ നിബന്ധനകളോടെ ഷൂട്ടിംഗുകൾക്ക് അനുവദിച്ച് നൽകാറുണ്ട്. |
| ബി) ഇതിനുള്ള അനുമതി നൽകാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ ആരാണ്; സർക്കാർ റോഡുകൾ/നിരത്തുകൾ/ഇടങ്ങൾ എന്നിവ ഇത്തരം ഷൂട്ടിംഗുകൾക്ക് നൽകുമ്പോൾ അവരിൽ നിന്ന് ഫീസ് ഈടാക്കാറുണ്ടോ; എങ്കിൽ ഫീസിന്റെ ഘടനയും അതിനുള്ള മാനദണ്ഡങ്ങളും അറിയിക്കാമോ;ഈ ഇനത്തിൽ 1-6-2016 മുതൽ നാളിതുവരെയായി സർക്കാരിന് എത്ര തുക ലഭിച്ചിട്ടുണ്ട്; | ബി) ജില്ലാ പോലീസ് മേധാവിയുടെ നിബന്ധനകൾക്ക് വിധേയമായി കെ ആർ എഫ് ബി യുടെ പരിധിയിൽ വരുന്ന റോഡുകളിൽ അനുവാദം നൽകുന്നത് കെ ആർ എഫ് ബി യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്.<br><br>കെ ആർ എഫ് ബി യുടെ പരിധിയിൽ വരുന്ന റോഡുകളിൽ ഷൂട്ടിംഗിനായി അനുവദിക്കുമ്പോൾ ഫീസ് ഈടാക്കാറുണ്ട്. ടി.വി സീരിയലിനായി ഫീസിനത്തിൽ 5,000/- രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 10,000/-രൂപയും, ആകെ 15,000/- രൂപയും സിനിമ ഷൂട്ടിംഗിനായി ഫീസിനത്തിൽ 10,000/-രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 15,000/- രൂപയും ആകെ 25,000/- രൂപയുമാണ് ഈടാക്കുന്നത്.<br><br>01.06.2016 മുതൽ നാളിതുവരെ ഫീസ് ഇനത്തിൽ കെ.ആർ.എഫ്.ബി യ്ക്ക് 65,000/- രൂപ സർക്കാരിന് ലഭ്യമായിട്ടുണ്ട്.<br><br>സിനിമാ / സീരിയൽ / പരസ്യ ഷൂട്ടിംഗിന് അനുവാദം നൽകുന്നതിനായി നിരത്ത് വിഭാഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഇതിന് അനുമതി നൽകാൻ അധികാരമുണ്ട്. ഇത്തരത്തിൽ ഷൂട്ടിംഗിന് അനുവാദം നൽകുമ്പോൾ ഫീസ് ഈടാക്കാറുണ്ട്. ഷൂട്ടിംഗ് |

ഇനത്തിൽ 01.06.2016 മുതൽ നാളിതുവരെ നിരത്ത് വിഭാഗത്തിൽ നിന്നും 75,000/- രൂപ സർക്കാരിന് ലഭ്യമായിട്ടുണ്ട്.

സി) അനുമതിയോടെയോ അല്ലാതെയോ റോഡ് അടച്ച് ഷൂട്ടിംഗ് നടത്തുന്നത് നിയമവിധേയമായിട്ടാണോ; തലസ്ഥാന നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും തിരക്കേറിയതുമായ നിയമസഭയിലേക്കുള്ള ഹൈ്ൽ ഓവർ അടച്ചിട്ട് അത്തരമൊരു ഷൂട്ടിംഗ് അടുത്തിടെ നടത്തിയിരുന്നോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; അത്തരത്തിൽ റോഡ് യാത്ര തടസ്സപ്പെടുത്തി ഒരു പകൽ ദിനം ആകെ നഗരയാത്രികരെ വലച്ചതിന്റെ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിവരിക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

സി) പ്രസ്തുത ഫ്ലൈഓവറിൽ ഷൂട്ടിംഗിനായി നിരത്തു വിഭാഗത്തിൽ നിന്നും അനുമതി നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ